# ഒരു പാവക്കുട്ടിയുടെ ചിത്രം

ആർ. പ്രഭാകരൻ



11494
12507

കേരള സാക്ഷരതാ സമിതി

Neo - Literates'

*Supplementary Reader Series No.34 : 'A' Grade*

(Malayalam)

# 'Oru Pavakkutiyude Chithram'

By

**R. Prabhakaran**

**EDITORIAL BOARD**

Chairman

K.K.VIJAYAKUMAR I.A.S.

A.Thomas    Prof.K.Thanappan Nair    M.Gopalan

Chief Editor

Dr.GEORGE ONAKKOOR

P.Retnakaran (Assistant Editor)

J.Jayasree (Sub Editor)

Type Setting :

V.Gayathri Devi & D.Padmini Devi

Art and Layout :

Kallikad Manu

First Published in January 1994

Printed at Ayodhya Printers, Ernakulam

© KERALA SAKSHARATHA SAMITHI

**Published by**

Secretary, Kerala Saksharatha Samithi,

for the Post Literacy Project approved by the National Literacy Mission

with Financial Support from the United Nations Children's Fund (UNICEF)

and the Ministry of Human Resource Development, Government of India

നവസാക്ഷര സാഹിത്യമാല - 34

എ - ഗ്രേഡ്

11494/15

# ഒരു പാവക്കുട്ടിയുടെ ചിത്രം

12507

ആർ.പ്രഭാകരൻ

കേരള സാക്ഷരതാ സമിതി

തിരുവനന്തപുരം

# ആമുഖം

അക്ഷരം ശക്തിയാണ്; വെളിച്ചമാണ്. ജീവിതത്തെ അതു സുന്ദരമാക്കുന്നു. നമ്മുടെ നവസാക്ഷരർക്ക് ആഹ്ളാദത്തിന്റെ നിമിഷങ്ങൾ കാഴ്ചവെയ്ക്കുന്ന മനോഹര ഗ്രന്ഥങ്ങൾ കേരള സാക്ഷരതാ സമിതി സംവിധാനം ചെയ്തുവരികയാണ്. അക്ഷരപരിജ്ഞാനം നേടിയ മുഴുവൻ ജനങ്ങളേയും ഉദ്ദേശിച്ച് തയ്യാറാക്കുന്നതാണ് ഈ ഗ്രന്ഥ പരമ്പര. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു കൃതിയാണ് ആർ. പ്രഭാകരന്റെ 'ഒരു പാവക്കുട്ടിയുടെ ചിത്രം'.

ജീവിതപ്രശ്നങ്ങൾ കൂടുതൽ ഉൾക്കാഴ്ചയോടെ വിലയിരുത്താൻ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന കഥകൾ സഹായിക്കുന്നു. ഹൃദ്യമായ പ്രതിപാദന രീതി എല്ലാവരേയും ആകർഷിക്കാൻ ശക്തമാണ്.

തിരുവനന്തപുരം
ജനുവരി 31,1994.

സെക്രട്ടറി
കേരള സാക്ഷരതാ സമിതി

11494

# ഒരു പാവക്കുട്ടിയുടെ ചിത്രം



ജമീല കണക്കുകൂട്ടുകയാണ്. അതൊരു പുതിയ കണക്കാണ്. ജമീലയ്ക്കുമാത്രം അറിയാവുന്ന മനക്കണക്ക് ! വീട്ടിൽ മറ്റാരുമില്ല. കണക്കുകൂട്ടാൻ പറ്റിയ അവസരം. ഉമ്മ അയൽവക്കത്തു സൊറ പറയാൻ പോയിരിക്കുന്നു. ബാപ്പ നല്ല ഉറക്കമാണ്. ഉച്ചയ്ക്ക് കോഴിബിരിയാണി ആയിരുന്നു. മൂപ്പർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം. അതു കഴിച്ചാൽപ്പിന്നെ ഒരു ഉറക്കമുണ്ട്. രണ്ടു മണിക്കുർ നീണ്ടു നില്ക്കും! മുറിയിൽ നിന്ന് കൂർക്കം വലിയുടെ ശബ്ദം കേട്ടുതുടങ്ങി. ബാപ്പ ഉറങ്ങട്ടെ.

വെളുത്തുമെലിഞ്ഞ കൈവിരലുകൾ ഓരോന്നായി മടക്കിക്കൊണ്ട് ജമീല കണക്കിൽ മുഴുകി. കൈവിരലുകളിലാണ് അവളുടെ കണക്കു വിദ്യ കുടികൊള്ളുന്നത്. അവൾ മനസ്സിൽ കുറിച്ചിട്ട ചില തീയതി കളും ദിവസങ്ങളുമുണ്ട്. അവ ക്രമപ്പെടുത്തി ദിവസങ്ങൾ എണ്ണിനോക്കി. അപ്പോൾ കാര്യം ഉറപ്പായി. അവൾക്കു നാണം തോന്നി. മനസ്സിൽ ഒരിക്കിളി. നിക്കാഹ് കഴിഞ്ഞിട്ടു രണ്ടു മാസം തികഞ്ഞില്ല. പത്തു ദിവസമേ കൂടെ പാർത്തുള്ളു. പതിനൊന്നാം നാൾ പുലർച്ചെ പുള്ളിക്കാരൻ കടലുകൾക്ക് അപ്പുറത്തേക്ക് പറന്നു. കണ്ടു കൊതി തീർന്നില്ല. എന്നിട്ടും . . . !

മനസ്സ് എങ്ങോട്ടെല്ലാമാണു പായുന്നത് ! അവൾക്കു ചിരി വന്നു. ഒന്നുറക്കെ ചിരിക്കണമെന്നുണ്ട്. പക്ഷേ അതു പാടില്ലല്ലോ ! കെട്ടിയ പെണ്ണല്ലേ? കെട്ടിയോൻ അകലെയും അല്ലേ ? പെണ്ണിൻെറ ശബ്ദം പുരയ്ക്കുള്ളിൽ ഒതുങ്ങി നില്ക്കണം !

അവൾ വീണ്ടും ചിന്തകളിലേക്കു വഴുതിവീണു. എങ്കിലും, സംഗതി വിഡ്ഢിത്തമായിപ്പോയി. ഇപ്പോഴൊന്നും വേണ്ടായിരുന്നു. അതായി രുന്നു മനസ്സിലിരിപ്പ്. അക്കാര്യം പുള്ളിക്കാരൻെറ ചെവിയിൽ പറയ ണമെന്നുണ്ടായിരുന്നു. പക്ഷേ നാണംകൊണ്ട് വാക്കുകൾ പുറത്തു വന്നില്ല. അല്ലെങ്കിൽ ഇതൊക്കെ എങ്ങനെയാ തുറന്നു പറയുക ? നാണാവൂല്ല്യേ ? ഒരു വർഷമെങ്കിലും കഴിഞ്ഞിട്ടു മതിയായിരുന്നു.

ഇക്കാര്യം എങ്ങനെ പുറത്തു പറയും ? അതാണു പിടികിട്ടാത്തത്. ബാപ്പയും ഉമ്മയും അറിയുമ്പോൾ അവർക്ക് എന്തു തോന്നും? അത് ഓർക്കുമ്പോൾ നെഞ്ചിൽ ഒരു പടപടപ്പ്!ഉമ്മായെ കാര്യം അറിയി ക്കാൻ പ്രയാസമില്ല. പറയാതെ പറയുന്ന സൂത്രം ഉണ്ടല്ലോ. അങ്ങനെ പറ്റിക്കാം. പക്ഷേ ഉമ്മ എന്തു വിചാരിക്കും ? ലജ്ജ തോന്നുന്നു. ഉമ്മ അറിഞ്ഞാൽ ഉടനെ ബാപ്പയുടെ ചെവിയിലെത്തും. അക്കാര്യം ഉറപ്പാണ്. ഒരുപക്ഷേ, ബാപ്പ ഉമ്മയോടു പറയും: 'നിൻെറ മോളല്ലേ'. അതു കേട്ട് ഉമ്മ ഊറിയൂറി ചിരിക്കും ! അവരും ഈ പടവു കൾ കടന്നുവന്നവരല്ലേ ?

വടക്കേലെ അമ്മിണിക്കുട്ടിയെയാണു പേടി. അവൾ ഇക്കാര്യംഅറി ഞ്ഞാൽ കളിയാക്കി കൊല്ലും ! വാ നിറയെ നാക്കാണ് അവൾക്ക്. കളിയാക്കാൻ എന്തു വിരുതാണെന്നോ? നിക്കാഹ് കഴിഞ്ഞപ്പോൾ



അവൾക്ക് എന്തെല്ലാം അറിയണം ! ആദ്യത്തെ രാത്രിയെക്കുറിച്ച് ! രണ്ടാമത്തെ രാത്രിയെക്കുറിച്ച് ! മൂന്നാമത്തെ രാത്രിയെക്കുറിച്ച് ! എന്നുവേണ്ട, എല്ലാ രാത്രികളെക്കുറിച്ചും അവൾക്ക് അറിയണം. പകലുകളെക്കുറിച്ചൊന്നും ചോദ്യമില്ല. അമ്മിണിക്കുട്ടി ഓരോന്നു ചോദിക്കുമ്പോൾ മേലു കുളിരുകോരും ! പുള്ളിക്കാരൻ നിന്നെ എന്താ വിളിക്ക്യാ? പുള്ളിക്കാരനെ നീ എന്താ വിളിക്ക്യാ? ആരാ ആദ്യം മിണ്ടിയത് ? എന്താ മിണ്ടിയത് ? അങ്ങനെ ഒരു നൂറുകൂട്ടം ചോദ്യങ്ങൾ, എല്ലാം കുരുത്തം കെട്ടവ ! എങ്കിലും, അതൊക്കെ കേൾക്കുന്നതും ഉത്തരം പറയുന്നതും ഒരു രസമാണു കേട്ടോ!

അമ്മിണിക്കുട്ടിയോട് എന്തെല്ലാം ഒളിച്ചുവെച്ചു ! അവളുടെ വിചാരം ഞാനെല്ലാം തുറന്നു പറഞ്ഞെന്നാ. അതിന് ഇത്തിരി പുളിക്കും. ചില കാര്യങ്ങൾ ആരും ആരോടും തുറന്നു പറയാറില്ല. നാളെ അമ്മിണിക്കുട്ടിയും അതു മനസ്സിലാക്കും. പെണ്ണിന്റെ പുടമുറി കഴിഞ്ഞോട്ടെ! പക്ഷേ ഈ സംഗതി അവളോട് എങ്ങനെ പറയും? പറയാതിരുന്നാലും അവൾ നാളെ അറിയും. ഒളിച്ചുവയ്ക്കാൻ പറ്റിയ രഹസ്യമല്ലല്ലോ അതുകൊണ്ട് കാര്യം തുറന്നുപറയുന്നതാണു ഭംഗി. എങ്കിലും, ഇപ്പോൾ വേണ്ട. കുറച്ചുകൂടി കഴിയട്ടെ.

അമ്മിണിക്കുട്ടിയെ പിണക്കിക്കൂടാ. ഒരുമിച്ചു കളിച്ചു വളർന്നവൾ. പ്രിയപ്പെട്ട കൂട്ടുകാരി. അവളോടു വലിയൊരു കടപ്പാടുകൂടിയുണ്ട്. ഇരുട്ടിൽ തനിക്കു വെളിച്ചം നൽകുന്നത് അവളാണ്. അക്കാര്യം ഓർക്കുമ്പോൾ ദുഃഖവും വേദനയും തോന്നുന്നു. ആരോടെന്നില്ലാതെ അമർഷം മനസ്സിൽ തിങ്ങി നിറയുന്നു.

ശരിയാണ്. ജമീലയ്ക്ക് ഒരു കാര്യത്തിൽ മാത്രമേ ദുഃഖമുള്ളു. അവൾ സുന്ദരിയാണ്. സുഖമായി ജീവിക്കുവാനുള്ള വകയുണ്ട്. പ്രശ്നങ്ങൾ ഒന്നുമില്ല. ഉയർന്ന ശമ്പളം വാങ്ങുന്ന പുതിയാപ്ലയേയും കിട്ടി. എല്ലാം ഭാഗ്യം. പക്ഷേ ഒരു നിർഭാഗ്യം ! അവൾക്ക് എഴുത്തും വായനയും അറിഞ്ഞുകൂടാ. അവളുടെ തിളങ്ങുന്ന കണ്ണുകൾക്കു മുന്നിൽ അക്ഷരങ്ങൾ കൂരിരുട്ടുകളെ സൃഷ്ടിക്കുന്നു. ഇരുട്ടിന്റെ ദുഃഖം അവളെ വേദനിപ്പിക്കുന്നു. ആ വേദനയിൽ അവളുടെ ഹൃദയം തേങ്ങുന്നു.

നിക്കാഹ് കഴിഞ്ഞപ്പോഴാണു മനസ്സു കൂടുതൽ വേദനിച്ചത്. നിക്കാഹിന്റെ പതിനൊന്നാം നാൾ പുള്ളിക്കാരൻ യാത്ര പറഞ്ഞു. ഇനി എന്നാ കാണുന്നത്? എന്നും മനസ്സിൽ കാണുന്നുണ്ട്. അതുമാത്രം പോരല്ലോ. കടലുകൾക്കപ്പുറത്തുള്ള തന്റെ കരളിനു നിത്യവും കത്തെഴുതണമെന്നുണ്ട്. കത്തിലൂടെയല്ലേസംസാരിക്കാൻ പറ്റൂ. എഴുതാൻ മനസ്സു നിറയെ മധുരിക്കുന്ന വാക്കുകളുണ്ട്. പക്ഷേ മനസ്സിലെ വികാരങ്ങൾ അക്ഷരങ്ങൾക്കുമുന്നിൽ മരിച്ചു വീഴുന്നു. ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖം ഇതുതന്നെ. സംശയമില്ല. അമ്മിണിക്കുട്ടിയാണു കത്തെഴുതിത്തരുന്നത്. പക്ഷേ മനസ്സിലുള്ളതെല്ലാം അവളോടു പറയാൻ പറ്റുമോ? അവൾ കളിയാക്കില്ലേ? അല്ലെങ്കിൽ ത്തന്നെ കളിയാക്കലിൽ ആശാത്തിയാണ് അവൾ.

പുള്ളിക്കാരൻെറ കത്തുവന്നാൽ ജമീല കൈനീട്ടി വാങ്ങും. ആവേശത്തോടെ കവറു പൊട്ടിക്കും. ആരും കാണാതെ ഒരുമ്മ കൊടുക്കും. എന്നിട്ട് ആ കറുത്ത അക്ഷരങ്ങൾക്കു മുന്നിൽ തെല്ലുനേരം കണ്ണും നട്ടിരിക്കും. ആ കറുപ്പ് കാർമേഘമായി ഉയർന്നുപൊങ്ങുമ്പോൾ കണ്ണുകൾ നിറയും. കണ്ണുനീർ തുടച്ചുകൊണ്ട് കത്തുമായി അമ്മിണിക്കുട്ടിയുടെ അരികിലേക്ക് ഓടും. അവൾ കത്തു വായിച്ചു തരും. വായനയോടൊപ്പം അവളുടെ വകവ്യാഖ്യാനവും ഉണ്ടാകും. അതാണ് അസഹ്യം. പോരാത്തതിനു കുറെ ചോദ്യങ്ങളും. ചിലപ്പോൾ കത്തിൽ ഇല്ലാത്ത കാര്യങ്ങൾ അവൾ വായിക്കും. എഴുതാപ്പുറം വായിക്കാനും അവൾ മിടുക്കിയാണ് ! എന്നിട്ട് ഒളികണ്ണിട്ട് എന്നെ നോക്കും. അവളുടെ ചുണ്ടിൽ ഒളിച്ചുവെച്ച കള്ളച്ചിരികാണുമ്പോൾ തനിക്കു കാര്യം മനസ്സിലാകും. നല്ല ഒരു നുള്ളു വെച്ചുകൊടുക്കും. പെണ്ണിനു നല്ല പോലെ വേദനിക്കും. അപ്പോൾ കത്തിലുള്ളതുമാത്രം വായിക്കും.

അമ്മിണിക്കുട്ടി എത്ര ഭാഗ്യവതിയാണ് ! അസൂയ തോന്നും. സ്നേഹം നിറഞ്ഞ അസൂയ. കുശുമ്പല്ല, പണ്ടു തൊട്ടേ അതുണ്ട്. അവൾ പഠിച്ചവളാണ്. അമ്മിണിക്കുട്ടി പാവാടയും ജാക്കറ്റുമിട്ട് സ്കൂളിൽ പോകുമ്പോൾ നോക്കിനിന്നിട്ടുണ്ട്. അവളോടൊപ്പം സ്കൂളിൽ പോകാൻ മനസ്സു ദാഹിച്ചിട്ടുണ്ട്. ബാപ്പ സമ്മതിക്കണ്ടേ. ബാപ്പയുടെ അന്നത്തെ കണ്ണുരുട്ടൽ ഇന്നും മനസ്സിൻെറ കോണിൽ തറഞ്ഞു കിടക്കുന്നു. ബാപ്പയ്ക്കു സ്നേഹം ഇല്ലാത്തതുകൊണ്ടല്ല, പെൺകുട്ടികൾ പഠിക്കാൻ പാടില്ലത്രെ. അതായിരുന്നു ബാപ്പയുടെ വിശ്വാസം. കിത്താബിൽ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അബുമാസ്റ്റർ ഒരിക്കൽ വാദിക്കുന്നതു കേട്ടു. ആണുങ്ങളും പെണ്ണുങ്ങളും നിർബന്ധമായും പഠിക്കണമെന്നാണ് ഖുറാനിൽ പറഞ്ഞിട്ടുള്ളതെന്ന് അബുമാസ്റ്റർ പറഞ്ഞു. ആ വാദം കേട്ട് ബാപ്പയ്ക്ക് കലികയറി. അബുമാസ്റ്ററെ ചീത്തപറഞ്ഞില്ലെന്നു മാത്രം. ഉം, അതെല്ലാം പഴയ കഥകൾ. ബാപ്പയുടെ തെറ്റ് ആവർത്തിക്കപ്പെടില്ല. ഞാൻ എൻെറ കുട്ടികളെ പഠിപ്പിക്കും;തീർച്ച.

അതുപോട്ടെ. ഈ സന്തോഷവാർത്ത പുള്ളിക്കാരനെ എങ്ങനെ അറിയിക്കും? ജീവിതത്തിലെ വിലമതിക്കാൻ കഴിയാത്ത ഒരു നിമിഷം! കടലുകൾക്കപ്പുറത്തു പറന്നെത്തി ചെവിയിൽ ഈ സ്വകാര്യം പറയാൻ മോഹമുണ്ട്. പക്ഷേ പറക്കാൻ തനിക്കു ചിറകുകൾ ഇല്ലല്ലോ.

ഈ സംഗതി അറിയുമ്പോൾ പുള്ളിക്കാരന്റെ ചുണ്ടിൽ വിരിയുന്ന പുഞ്ചിരി ഒന്നു കാണണമായിരുന്നു. അതെല്ലാം സ്വപ്നം കാണാനല്ലേ പറ്റൂ. തത്കാലം കത്ത് എഴുതുകയേ നിവൃത്തിയുള്ളു. പക്ഷേ അമ്മിണിക്കുട്ടിയെക്കൊണ്ട് എങ്ങനെ എഴുതിക്കും ? അവൾ നാടുനീളെ പാടി നടക്കും: "കല്യാണം കഴിഞ്ഞിട്ടു രണ്ടു മാസം തികഞ്ഞിട്ടില്ല. അപ്പോഴേക്കും . . . . "നാട്ടുകാർ പിറുപിറുക്കും. വല്ലാത്ത നാണക്കേടു തന്നെ.



ജമീല ഒടുവിൽ ഒരു സൂത്രം കണ്ടെത്തി. അന്വേഷിച്ചാൽ വഴി കണ്ടെത്തുമല്ലോ. അവൾ ഒരു പോസ്റ്റൽ കവറുമായി അമ്മിണിക്കുട്ടിയുടെ വീട്ടിലേക്ക് ഓടി. അടുക്കളവാതിലിൽ മുട്ടിവിളിച്ചു. വാതിൽ തുറന്ന് അമ്മിണിക്കുട്ടി പ്രത്യക്ഷപ്പെട്ടു. ജമീലയ്ക്കൊരു സംശയം. അമ്മിണിക്കുട്ടി എന്താ തൻെറ മുഖത്തേക്ക് ഇങ്ങനെ സൂക്ഷിച്ചു നോക്കുന്നത് ? പടച്ചോനെ! മുഖത്ത് വല്ല ലക്ഷണവും ഉണ്ടോ ? ഒരു ഭാവപ്പകർച്ചയും കൂടാതെ ജമീല പറഞ്ഞു:'അമ്മിണിക്കുട്ടീ, ഈ മേൽവിലാസം ഒന്നെഴുതിത്തന്നേ.'അമ്മിണിക്കുട്ടി പതിവു പരിപാടി ആരംഭിച്ചു. ഇന്നലെ അല്ലേ കത്തെഴുതിയത് ?പെട്ടെന്ന് എന്താ വിശേഷം ഉണ്ടായത് ?മേൽവിലാസം മാത്രം മതിയോ ?കത്തെഴുതണ്ടേ ? അങ്ങനെ ചോദ്യങ്ങളുടെ ഒരു പ്രവാഹം! 'കത്തയയ്ക്കാനല്ല. ഒരു ഫോട്ടോ അയയ്ക്കാനാ.'ജമീല ഒരു കൊച്ചുകള്ളം പറഞ്ഞു. അമ്മിണിക്കുട്ടിക്കു പിടി കൊടുക്കരുതല്ലോ. പക്ഷേ അമ്മിണിക്കുട്ടി വിടോ ? "ആരുടെ ഫോട്ടോ ?ആ ഫോട്ടോ എവിടെ ? അതെന്താ ഇപ്പോൾ അയയ്ക്കുന്നത് ?ഫോട്ടോ കവറിലിട്ടു മേൽവിലാസം എഴുതിയാൽ പോരേ ?" അമ്മിണിക്കുട്ടിയുടെ ചോദ്യംചെയ്യൽ തുടർന്നു. പെണ്ണ് ബുദ്ധിയുള്ളവളാ. ചോദ്യങ്ങൾ എല്ലാം ശരിയല്ലേ? എല്ലാം സഹിക്കുകതന്നെ. അല്ലാതെ നിവൃത്തി ഇല്ലല്ലോ. നാലക്ഷരം എഴുതാൻ അറിഞ്ഞിരുന്നെങ്കിൽ ഈ പാടൊന്നും ഇല്ലായിരുന്നു. ആരുടേയും കാലുപിടിക്കേണ്ടായിരുന്നു. പറഞ്ഞിട്ടെന്താ? ആ ദുഃഖചിന്ത മനസ്സിൽ ഒതുക്കിക്കൊണ്ട് ജമീല അല്പം ഗൗരവത്തിൽ പറഞ്ഞു: 'നിനക്ക് ഇഷ്ടമുണ്ടെങ്കിൽ മേൽവിലാസം എഴുതിത്താ.' അമ്മിണിക്കുട്ടി ഒന്നടങ്ങി. ജമീലയുടെ മുഖമൊന്നു കറുത്താൽ അമ്മിണിക്കുട്ടിയുടെ മനസ്സു നോവും. അമ്മിണിക്കുട്ടി പുള്ളിക്കാരൻെറ മേൽവിലാസം എഴുതിക്കൊടുത്തു. മറുപുറത്ത് ജമീലയുടെ പേരും എഴുതി. ജമീലയ്ക്കു ചിരിവന്നു. ആ ചിരി അവൾ ഹൃദയത്തിൽ ഒതുക്കി. പാവം അമ്മിണിക്കുട്ടി ! അവളോടു നുണ പറയേണ്ടിവന്നതിൽ ദുഃഖമുണ്ട്.

മേൽവിലാസമെഴുതിയ കവറുമായി ജമീല വീട്ടിലെത്തി. ബാപ്പയുടെ കൂർക്കംവലി തുടരുന്നു. ഉമ്മ 'സൊറ' കഴിഞ്ഞ് എത്തിയിട്ടില്ല. അവൾ ഒരു വെള്ളക്കടലാസ് എടുത്തു. ബാപ്പ കണക്കെഴുതുന്ന പെൻസിൽ കൈക്കലാക്കി. അവളുടെ കൈകൾ വിറയ്ക്കുന്നു. ഹൃദയമിടിപ്പിനു വേഗം കൂടി.



ആ വെള്ളക്കടലാസിന്‍റെ നടുവിൽ അവൾ ഒരു ചെറിയ വട്ടം വരച്ചു. ആ വൃത്തത്തിനുള്ളിൽ മൂന്നു കുത്തുകൾ ഇട്ടു. രണ്ടെണ്ണം മുകളിലും ഒന്ന് അല്പം താഴെയും. വൃത്തത്തിനു താഴെ ഒരു കൊച്ചുനേർവര. ആ നേർവരയുടെ ഇരുവശങ്ങളിലും ഓരോ കുഞ്ഞിവര. എന്നിട്ടവൾ ആ കടലാസിലൊന്നു സൂക്ഷിച്ചു നോക്കി. ഒരു പാവക്കുട്ടിയുടെ ചിത്രം.

ജമീലയുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. നാണത്തിൽ കുതിർന്ന മന്ദഹാസം. തൻെറ ആദ്യത്തെ കത്ത് !

കത്തിൻെറ ഉള്ളടക്കം എത്ര മനോഹരം ! അക്ഷരങ്ങളേക്കാൾ ശക്തിയുള്ള വരകൾ. ജമീല ആ പാവക്കുട്ടിയുടെ ചിത്രത്തിൽ ഒരുമ്മ കൊടുത്തു. ആ ചിത്രത്തിനു താഴെ 'ജമീല' എന്നെഴുതാൻകൂടി കഴിഞ്ഞിരുന്നെങ്കിൽ ! അവൾ ആശിച്ചു. അപ്പോൾ ആ കണ്ണുകൾ നിറഞ്ഞു. രണ്ടുതുള്ളി കണ്ണുനീർ ആ പാവക്കുട്ടിയുടെ ചിത്രത്തിനു താഴെ വീണുചിതറി. സാരിത്തലപ്പുകൊണ്ട് അവൾ അതൊപ്പിയെടുത്തു. അതോടൊപ്പം അവൾ ഒന്നു മനസ്സിൽ ഉറച്ചു. പേരെഴുതാൻ പഠിക്കണം. തൻെറ പേരു മാത്രമല്ല, വേണ്ടപ്പെട്ടവരുടെ എല്ലാം പേരുകൾ സ്വന്തം കൈകൊണ്ട് എഴുതാൻ കഴിയണം. അതൊരു ദൃഢനിശ്ചയമായിരുന്നു. ജമീലയ്ക്ക് അഭിമാനംതോന്നി. അവൾ ആ പാവക്കുട്ടിയുടെ ചിത്രം നാലായി മടക്കി കവറിൽ ഇട്ടു. ഇനി ഇതു പോസ്റ്റ് ചെയ്യണമല്ലോ. അതിനും വേണം അമ്മിണിക്കുട്ടിയുടെ സഹായം.

ഭാഗ്യം തന്നെ. അമ്മിണിക്കുട്ടി പുത്തൻസാരിയും ഉടുത്തു പുറത്തേക്ക് ഇറങ്ങുന്നു. ജമീല മെല്ലെ അവളെ വിളിച്ചു. ആരും കാണാതെ കവർ കൈയിൽ കൊടുത്തു. എന്നിട്ടു ചെവിയിൽ മന്ത്രിച്ചു: 'പൊന്നേ,മറക്കാതെ പെട്ടിയിൽ ഇടണേ.'

'ഈ കവറിനെന്താ ഒരു ഭാരം?' അമ്മിണിക്കുട്ടിയുടെ കുസൃതി നിറഞ്ഞ ചോദ്യം. ജമീല ഒന്നും മിണ്ടിയില്ല. 'ഇതിലെന്തോ ഒരൊളിച്ചുകളി ഉണ്ടല്ലോ.'അമ്മിണിക്കുട്ടിക്കൊരു സംശയം. അതിനും ഉത്തരമില്ല. ഒരു കള്ളച്ചിരിയോടെ അമ്മിണിക്കുട്ടി നടന്നു. ജമീലയുടെ മനസ്സു മന്ത്രിച്ചു: 'ശരിയാണ്. ഇതൊരു ഒളിച്ചുകളിതന്നെ. പക്ഷേ ഒളിക്കുന്ന ആളിനെ കണ്ടെത്താൻ മാസം പത്തു തികയണമെന്നു മാത്രം.'

കുറച്ചകലെനിന്ന് അമ്മിണിക്കുട്ടി ഒന്നു തിരിഞ്ഞു നോക്കി. തൻെറ മനസ്സു ശബ്ദിച്ചത് അവൾ കേട്ടോ ? ജമീല അമ്മിണിക്കുട്ടിയെ നോക്കി പുഞ്ചിരി തൂകി. ആ പുഞ്ചിരിയുടെ അർത്ഥം അമ്മിണിക്കുട്ടിക്കു മനസ്സിലായോ എന്തോ ?

# മരണത്തിൻെറ മണം

രാത്രിയാണ്. നല്ല കുളിരു്. ഒമ്പതു മണി കഴിഞ്ഞുകാണും. ആകാശത്തിൽ ഒരു കൊച്ചു നക്ഷത്രം പോലും ഇല്ല. കൂരിരുട്ട്. കുന്നുംപുറം ആകെ മഞ്ഞുമൂടിക്കിടക്കുന്നു. അങ്ങും ഇങ്ങും ചിതറിക്കിടക്കുന്ന പത്തു പന്ത്രണ്ടു വീടുകൾ. അതിൽ കുറേ മനുഷ്യജീവികൾ. എല്ലാം പാവപ്പെട്ടവർ. പകലന്തിയോളം മണ്ണിൽ പണിയെടുക്കുന്നവർ. ക്ഷീണിച്ച ശരീരം. തളർന്ന മനസ്സ്. അവരെല്ലാം ഉറങ്ങാൻ കിടന്നു. അപ്പോഴാണ് വർക്കിയുടെ വീട്ടിൽനിന്ന് ബഹളം. അതൊരു പുതിയ സംഭവം അല്ല. നല്ല പരിചയമുള്ള ശബ്ദം. വർക്കിച്ചേട്ടൻെറ അമ്മയുടെ, ഭാര്യയുടെ, കുട്ടികളുടെ കരച്ചിൽ . . .



ആ കരച്ചിൽ കൂടിക്കൂടി വന്നു. എന്നിട്ടും ആരും എഴുന്നേറ്റില്ല. വിളക്കുകൊളുത്തിയില്ല. വാതിൽ തുറന്നില്ല. കുറേ നേരം മുമ്പു കണ്ട കാഴ്ച അവർ ഓർമിച്ചു. മൂന്നു നാലുപേർകൂടി വർക്കിയെ താങ്ങിപ്പിടിച്ചു കുന്നുംപുറത്തേക്കു കൊണ്ടുപോയിരുന്നു. മിക്കവാറും എല്ലാ രാത്രികളിലും അതു പതിവാണ്. അതുപോലെ ആ കൂട്ടക്കരച്ചിലും അവർ കേട്ടു തഴമ്പിച്ചതാണ്.

പക്ഷേ, ചിലർക്കെങ്കിലും ഉറങ്ങാൻ കഴിഞ്ഞില്ല. എങ്ങനെ ഉറങ്ങും? ഒരമ്മയുടെ, ഒരു ഭാര്യയുടെ, കുറേ കുട്ടികളുടെ ദയനീയമായ കരച്ചിലല്ലേ കേൾക്കുന്നത്? അവരുടെ മനസ്സിൽ കുന്നുംപുറത്തു വർക്കിയുടെ ചിത്രം തെളിഞ്ഞുവന്നു.

വർക്കിയുടെ കഥ കുന്നുംപുറത്തിൻെറ കഥയാണ്. കുന്നുംപുറത്തിൻെറ കഥ വർക്കിയുടേതും. വേർതിരിക്കാനാവാതെ ആ കഥകൾ കെട്ടുപിണഞ്ഞു കിടക്കുന്നു. വർക്കിയുടെ വിയർപ്പിൻെറ മണം കുന്നുംപുറത്തെ മൺതരികൾക്ക് ഉണ്ടായിരുന്നു. വർക്കിയുടെ രക്തത്തിൻെറ ചുവപ്പു നിറം ആ മണ്ണിൽ പറ്റിപ്പിടിച്ചിരുന്നു . . . പക്ഷേ, ഇന്ന് അതെല്ലാം പഴയ കഥകൾ മാത്രം !

പത്തിരുപതു വർഷം മുമ്പാണ്. ആ കുന്നുംപുറമാകെ കാടുപിടിച്ചു കിടന്ന കാലം. തെക്കുനിന്ന് സാഹസികനായ ഒരു ചെറുപ്പക്കാരൻ അവിടെ കടന്നുവന്നു. പാറപോലെ കറുത്ത, ഉറപ്പുള്ള ശരീരം. തൻേറടവും പൗരുഷവുമുള്ള മുഖം, നീണ്ട കൈകാലുകൾ, വിരിഞ്ഞ മാറ്, വിയർപ്പു പൊടിഞ്ഞ നെറ്റിത്തടം. അയാൾ പാറക്കെട്ടുകൾ അടിച്ചു പൊട്ടിച്ചു. കളകൾ വലിച്ചെറിഞ്ഞു. ആ കറുത്ത മണ്ണ് അയാൾ ഇളക്കി മറിച്ചു. അതിൽ വിത്തെറിഞ്ഞു. ഒന്നിനു പത്തായി അത് കിളിർത്തു. നാലു മുളങ്കാലിൽ ഒരു പന്തൽ കെട്ടി അയാൾ കാവലിരുന്നു. ആ മണ്ണിനെ അയാൾ സ്നേഹിച്ചു;ശുശ്രൂഷിച്ചു. പുതുമണ്ണിൻെറ ലഹരി അയാളുടെ മനസ്സിൽ പുതിയ സ്വപ്നങ്ങൾ വളർത്തി. മണ്ണിനെ സ്നേഹിച്ചാൽ മണ്ണ് ചതിക്കില്ല. മണ്ണിനു വിയർപ്പു നൽകൂ. മണ്ണ് കനകം തരും. ആ ചെറുപ്പക്കാരൻ മണ്ണിൽ വിയർപ്പൊഴുക്കി. അയാൾ വിയർപ്പിൻെറ ഫലം കൊയ്തെടുത്തു. അദ്ധ്വാനത്തിൻെറ വിജയം !

ആ ചെറുപ്പക്കാരന്റെ പേര് വർക്കി എന്നായിരുന്നു. കുന്നുംപുറത്തിനു താഴെയുള്ളവർ അയാളെ വർക്കിച്ചേട്ടൻ എന്നു വിളിച്ചു. അയാൾ കുന്നുംപുറത്ത് ഒരു കൊച്ചു കുടിലു കെട്ടി. താൻ കുന്നുംപുറത്തു വർക്കിയാണെന്ന് അയാൾ ലോകത്തോട് വിളിച്ചു പറഞ്ഞു. ലോകം അതേറ്റുപാടി. അയാൾ വീടിനു ചുറ്റും കൃഷി തുടങ്ങി. കന്നിമണ്ണ് കനിഞ്ഞു. കൈ നിറയെ കതിർ മണികൾ. അയാളുടെ കണ്ണുകൾ തിളങ്ങി. മനസ്സിൽ സന്തോഷം നിറഞ്ഞു തുളുമ്പി.

താഴത്തുള്ള പലരും കുന്നുംപുറത്ത് കണ്ണുവച്ചു. അവർക്കും മുകളിലോട്ട് കയറാൻ മോഹം. അക്കരപ്പച്ച തേടുന്നവരാണല്ലോ മനുഷ്യർ. അവർ വർക്കിച്ചേട്ടനെ സമീപിച്ചു. അയാൾ കുന്നും പുറം കഷണങ്ങളാക്കി പലർക്കും വിറ്റു. അവരും അവിടെ കൂടു കെട്ടി. വർക്കി കുന്നുംപുറത്തിന്റെ നേതാവ്. ചുറ്റും ഉള്ളവർ അനുയായികൾ. അവർ വർക്കിയെ സ്നേഹിച്ചു;ബഹുമാനിച്ചു. വർക്കി അവരേയും സ്നേഹിച്ചു; വിശ്വസിച്ചു. കുന്നുംപുറത്ത് കുറെ ജീവിതങ്ങൾ പച്ചപിടിച്ചു. ഭാഗ്യം ചിലരെ തലോടി. നിർഭാഗ്യം ചിലരെ മുറിവേല്പിച്ചു.

കുന്നുംപുറം വളർന്നപ്പോൾ പ്രശ്നങ്ങളും വളർന്നു. പത്തു പന്ത്രണ്ടു കുടുംബങ്ങൾ. നൂറോളം അംഗങ്ങൾ. പല ദിക്കിൽ നിന്നും വന്നു ചേർന്നവർ. പൊരുത്തപ്പെട്ടു പോകാൻ വിഷമിച്ചു. സ്വാർത്ഥത തല പൊക്കി. അസൂയ വളർന്നു. സമാധാനം തകർക്കാൻ പിന്നെ എന്തു വേണം ? ചിലർ പണം ഉണ്ടാക്കാൻ കുറുക്കു വഴികൾ തേടി. കള്ളവാറ്റിനു കളമൊരുക്കി. കഞ്ചാവു ചെടികൾ വച്ചു പിടിപ്പിച്ചു. രണ്ടും നിയമവിരുദ്ധം. സാമൂഹ്യ ദ്രോഹം. വർക്കി അത് മണത്തറിഞ്ഞു. കള്ളവാറ്റുകാരനെ കുന്നുംപുറത്തുനിന്ന് പുറത്താക്കി. കഞ്ചാവു ചെടികൾ ചുട്ടുകരിച്ചു. കുന്നുംപുറത്ത് നന്മയേ പാടുള്ളു. തിന്മയ്ക്കവിടെ സ്ഥാനമില്ല. കുന്നുംപുറത്ത് തിന്മയെ എതിർക്കാൻ വർക്കിയുണ്ട്. അയാൾ ശക്തനാണ്. അതിനുള്ള അവകാശവും അയാൾക്കുണ്ട്. വർക്കി തെറ്റു ചെയ്യില്ല. നന്മ നിറഞ്ഞവൻ. എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോകും. കുർബ്ബാന കൈകൊള്ളും. വർക്കി പുകവലിക്കില്ല. മദ്യപിക്കില്ല. ആരുമായും വഴക്കിടാൻ പോകില്ല.



കഠിനാദ്ധ്വാനം ചെയ്ത് അന്തസ്സായി ജീവിക്കുന്നു. കുന്നുംപുറത്തു വർക്കിയെ സമൂഹം ആദരിച്ചു. നന്മയെ ആരാണ് അംഗീകരിക്കാത്തത് ? പാവം വർക്കി ! അയാളുടെ ഇന്നത്തെ അവസ്ഥ എന്താണ് ?

അന്നൊരു സന്ധ്യാനേരം വർക്കി കുന്നുംപുറത്തു നിന്നും തെക്കോട്ടു നോക്കി നിന്നു. അങ്ങകലേക്ക് അയാളുടെ കണ്ണുകൾ പാഞ്ഞു. നോക്കെത്താത്ത ദൂരത്തിലേക്ക് അയാളുടെ ചിന്തകൾ പറന്നു. ചുറ്റും ഇരുൾ പരന്നത് അയാൾ അറിഞ്ഞില്ല. അങ്ങകലെ പെരിയാറിൻെറ തീരത്തെ മണൽപ്പരപ്പ് അയാൾ മനസ്സിൽ കണ്ടു. അവിടെ ഓടിക്കളിച്ചു നടന്ന കുട്ടിക്കാലം അയാൾ ഓർമ്മിച്ചു. പെട്ടെന്ന് മനസ്സിൽ അമ്മയെക്കുറിച്ചുള്ള ചിന്ത ഉണർന്നു. പാവം, അമ്മ! അവരിപ്പോൾ എവിടെയാണ് ? നാലഞ്ചു വർഷങ്ങൾ കഴിഞ്ഞില്ലേ ? നാടുവിട്ടിറങ്ങിയശേഷം അമ്മയെ അന്വേഷിച്ചോ ? അയാളുടെ മനസ്സിൽ കുറ്റബോധം നിറഞ്ഞു. പട്ടിണികിടന്നു നരകിച്ചപ്പോൾ പിറന്ന മണ്ണിൽനിന്ന് ഒളിച്ചോടിയതാണ്. അമ്മ തനിക്കുവേണ്ടി എത്ര കഷ്ടപ്പെട്ടു ! എന്നിട്ടും താൻ അമ്മയെ മറന്നില്ലേ ? ഈ ഭൂമിയിൽ മറ്റാരോടും തനിക്കു ഒരു കടപ്പാടും ഇല്ല. ബന്ധുക്കളും കുടുംബക്കാരും ! എല്ലാം ദ്രോഹികൾ ! ഹൃദയമില്ലാത്ത നാട്ടുകാർ ! അവരോടൊക്കെ പകരം വീട്ടണം. പണ്ടത്തെ തെണ്ടിച്ചെറുക്കനല്ല താനിപ്പോൾ. കുന്നുംപുറത്തു വർക്കിയാണ്. നാട്ടിൽ പോകണം. അമ്മയെ കാണണം. മാപ്പു പറയണം. വർക്കി മരിച്ചിട്ടില്ലെന്ന് നാട്ടുകാർ അറിയട്ടെ ! പിന്നെ ഒട്ടും വൈകിയില്ല. അയാൾ അടുത്ത വീട്ടുകാരോട് കാര്യം പറഞ്ഞു. പെട്ടിയും തൂക്കി കുന്നുംപുറത്തു നിന്നും ഇറങ്ങി. നേരെ തെക്കോട്ടു തിരിച്ചു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ വർക്കി കുന്നുംപുറത്തു തിരിച്ചെത്തി. കൂടെ വൃദ്ധയായ അമ്മയും സുന്ദരിയായ ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. അവളുടെ പേർ റോസി അത് വർക്കിയുടെ ഭാര്യ ആയിരുന്നു. കുന്നും പുറത്ത് ഒരു പുതിയ ജീവിതത്തിൻെറ അരങ്ങേറ്റം. അന്നു കുന്നുംപുറത്ത് ഉത്സവം ആയിരുന്നു. കുന്നുംപുറത്തെ തെങ്ങിൻചോട്ടിൽനിന്ന് രണ്ടു മുള്ളൻ പന്നികളെ പിടികിട്ടി. എല്ലാവരും കൂടി സദ്യ ഒരുക്കി. നല്ല രുചിയുള്ള പന്നിയിറച്ചി. മണവാളനും മണവാട്ടിക്കും അന്നുറങ്ങാൻ കഴിഞ്ഞില്ല. തീറ്റയും വെടിപറച്ചിലും ബഹളവും തന്നെ ! ഇതെല്ലാം കണ്ട് വർക്കിയുടെ അമ്മ കർത്താവിന് സ്തുതി പറഞ്ഞു . . .



കുന്നുംപുറത്ത്, റോസി കാലെടുത്തുവെച്ച നാൾതൊട്ട് വർക്കിക്കു നേട്ടമാണ്. തൊട്ടതെല്ലാം പൊന്ന് ! അയാൾ അങ്ങാടിയിൽ ചെറിയൊരു കച്ചവടം തുടങ്ങി. അതങ്ങു വളർന്നു.

ഉപ്പുതൊട്ടു കർപ്പൂരം വരെ അവിടെ കിട്ടുമെന്നു വന്നു. കുന്നുംപുറത്തു വർക്കിയുടെ പലചരക്കുകട അങ്ങാടിയിൽ പ്രസിദ്ധമായി. കൊള്ളലാഭം എടുക്കില്ല. കള്ളത്തരം ചെയ്യില്ല. മായം ചേർക്കില്ല. അതാണ് വർക്കിയുടെ കച്ചവടത്തിൻെറ വിജയരഹസ്യം.

കുന്നുംപുറത്തു വർക്കി വളർന്നു. പണക്കാരനായി. കുന്നുംപുറത്തൊരു വീടുണ്ടാക്കി. വർക്കി ഒരച്ഛനായി. 'എല്ലാം റോസിയുടെ ഭാഗ്യം'. വർക്കി പറഞ്ഞു: 'നമ്മുടെ പൊന്നുമോൻെറ ഭാഗ്യം'. അപ്പൻെറ മടിയിൽ ഇരുന്നു പൊട്ടിച്ചിരിക്കുന്ന മോനെ നോക്കി റോസി പറഞ്ഞു. അവർ രണ്ടുപേരും മോൻെറ പൊട്ടിച്ചിരിയിൽ അലിഞ്ഞുചേർന്നു! ആ വീട് സ്വർഗ്ഗമായി മാറി. അവിടെ പ്രശ്നങ്ങളില്ല. ദുഃഖങ്ങളില്ല. സന്തോഷവും സമാധാനവും തളിരിട്ടു നിന്നു. അതുതന്നെയല്ലേ സ്വർഗം ? കുന്നുംപുറത്തു വർക്കിയെ നോക്കി ലോകം അസൂയപ്പെട്ടു . . .



കുന്നുംപുറത്തു വർക്കിക്കു പുതിയ കൂട്ടുകാർ ഉണ്ടായി. പുതിയ ബന്ധങ്ങൾ വളർന്നു. അയാളുടെ അഭിപ്രായങ്ങൾ മറ്റുള്ളവർ ശരിവെച്ചു. അതേറ്റു പാടാൻ ആളുണ്ടായി. ഒഴിവു സമയങ്ങളിൽ കൂട്ടുകാർ വന്നെത്തും. അങ്ങാടിയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യും. രാത്രികളിൽ അല്പനേരം ഒന്നിച്ചിരുന്നു നേരമ്പോക്കു പറയാൻ ഒരു സ്ഥലം കണ്ടെത്തി. അവിടെ അവർ എന്നും കൂടിച്ചേരും. ആ നേരമ്പോക്കു പറച്ചിലിൻെറ രൂപവും ഭാവവും മാറിത്തുടങ്ങി. വർക്കിയുടെ ജീവിതത്തിൻെറ ക്രമം തെറ്റിത്തുടങ്ങി. എത്ര പെട്ടെന്നാണ് മനുഷ്യൻെറ ജീവിതത്തിൽ മാറ്റങ്ങൾ വരുന്നത് ! പണം കൂടുമ്പോൾ ഗുണം കുറഞ്ഞു വരുന്നു. അത് ആപത്തിലേക്കുള്ള കാൽവയ്പാണ്.

അക്കാര്യം മനുഷ്യൻ മറക്കുന്നു. ആ മറവി വർക്കിയേയും പിടികൂടിയോ ?

അന്നൊരു ദിവസം കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി അല്പം മദ്യം കഴിക്കേണ്ടിവന്നു. ജീവിതത്തിൽ ആദ്യമായി മദ്യത്തിൻെറ മണം എന്തെന്ന് അറിഞ്ഞ ശപിക്കപ്പെട്ട ദിവസം ! മനസ്സില്ലാമനസ്സോടെയാണ് വർക്കി ആ തെറ്റു ചെയ്തത്. രാത്രി വീട്ടിൽ എത്തിയപ്പോൾ റോസി പരിഭവിച്ചു; കരഞ്ഞു. ആ തെറ്റ് ആവർത്തിക്കയില്ലെന്ന് അയാൾ റോസിക്കു വാക്കു കൊടുത്തു. അവൾ വിശ്വസിച്ചു
പിറ്റേന്ന്, വർക്കി കൂട്ടുകാരെ കാണാൻ പോയില്ല. പക്ഷേ, കൂട്ടുകാർ വർക്കിയെ അന്വേഷിച്ചു വന്നു. എല്ലാം അങ്ങാടിയിലെ പ്രമുഖന്മാർ. അവരെ പിണക്കുന്നതു ശരിയാണോ ? പക്ഷേ, റോസിയുടെ നിറഞ്ഞ കണ്ണുകൾ അയാളുടെ മനസ്സിൽ നിറഞ്ഞുനിന്നു. അയാൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. കഴിഞ്ഞില്ല. അതങ്ങനെയാണ്. ഒരിക്കൽ ഈ കെണിയിൽ പെട്ടുപോയാൽ പിന്നെ രക്ഷപ്പെടാൻ പ്രയാസമാണ്. അന്നും കൂട്ടുകാർക്കുവേണ്ടി അല്പം മദ്യപിക്കേണ്ടിവന്നു. അന്നു രാത്രി അയാൾ വീട്ടിൽ പോയില്ല. കടയിൽ കിടന്നുറങ്ങി !

വിളമ്പിവെച്ച ചോറും കത്തുന്ന വിളക്കുമായി റോസി വീട്ടിൽ കാത്തിരുന്നു. ആ രാത്രി അവൾ ഉറങ്ങിയില്ല. അത് ആദ്യത്തെ അനുഭവം ആയിരുന്നു. തൻെറ പ്രിയപ്പെട്ടവൻ വഴിതെറ്റുകയാണോ ? 'കർത്താവേ, നേർവഴി കാണിക്കണേ !'ഉള്ളുരുകി അവൾ പ്രാർത്ഥിച്ചു.

വർക്കി രാവിലെ വീട്ടിലെത്തി. ശക്തിയായ തലവേദന.രാത്രി 'വിഷ' മല്ലേ കഴിച്ചത്? കഴിക്കുമ്പോൾ കിട്ടുന്ന ലഹരിയേ ഉള്ളൂ. പിന്നെ ദു:ഖമാണ്. ഉറക്കച്ചടവാർന്ന ഭാര്യയുടെ കണ്ണുകളിൽ ദുഃഖത്തിൻെറ നിഴലാട്ടം ! അവൾ മുഖം തിരിച്ചു. അപ്പനെ കാത്തിരുന്ന്, കാണാതെ, കരഞ്ഞുറങ്ങിയ മകൻെറ മുഖത്തു പരിഭവം. അവൻ ഒന്നു ചിരിച്ചുപോലുമില്ല. അമ്മ പൊട്ടിത്തെറിച്ചു. വർക്കിയെ വഴക്കു പറഞ്ഞു.



ആ വൃദ്ധയുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു. വർക്കിക്കു ചുറ്റും 'വിഷം'സൃഷ്ടിച്ച വേദന! അയാളുടെ മനസ്സിൽ വല്ലാത്ത വിമ്മിട്ടം. അയാൾ ആരോടും ഒന്നും പറയാതെ വീട്ടിൽനിന്നിറങ്ങി. മനസ്സിൻെറ അസ്വസ്ഥത നീക്കാൻ അയാൾ അന്നു പലവട്ടം കുടിച്ചു. മദ്യത്തിൻെറ മണം അയാൾക്ക് ഇഷ്ടമായി. പാവം വർക്കി ! അയാളുടെ ചിന്താശീലം നഷ്ടപ്പെട്ടു. വിവേകം കൈവെടിഞ്ഞു. അന്നു രാത്രി അയാൾ കൂട്ടുകാരെ പരാജയപ്പെടുത്തി ! മൂക്കറ്റം കുടിച്ചു. ധാരാളം സംസാരിച്ചു. കുന്നുംപുറത്തു വർക്കി ലോകം പിടിച്ചെടുത്ത കഥ അയാൾ ആവേശത്തോടെ പറഞ്ഞു. കൂട്ടുകാർ കൈയടിച്ചു പ്രോത്സാഹിപ്പിച്ചു. വർക്കിയുടെ തല കറങ്ങുന്നു. കണ്ണുകൾ ചാമ്പുന്നു. അന്നത്തെ ചെലവ് വർക്കിയുടെ വക ആയിരുന്നു.'കുന്നുംപുറത്ത് വർക്കി പണക്കാരനാണ്!'അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു. കൂട്ടുകാർ അതേറ്റുപാടി: 'കുന്നുംപുറത്തു വർക്കി പണക്കാരനാണ്!' ദുഃഖം മറക്കാൻ മദ്യപിച്ചു തുടങ്ങിയ വർക്കി ഒടുവിൽ എല്ലാം മറന്നു. അമ്മയെ, ഭാര്യയെ, മക്കളെ എല്ലാം എല്ലാം അയാൾ മറന്നു. അയാൾ അയാളെത്തന്നെ മറന്നു പോയി ! അതാണ് 'വിഷ'ത്തിൻെറ ശക്തി ! മദ്യത്തിൻെറ നേട്ടം ! തെറ്റിൽനിന്നു തെറ്റുകളിലേക്ക് അയാൾ വഴുതി വീണുകൊണ്ടിരുന്നു.

കുന്നുംപുറത്തും അങ്ങാടിയിലും വർക്കി സംസാരവിഷയമായി. പുതിയൊരു വർക്കിയുടെ പിറവി ലോകം കണ്ടു ! കുന്നുംപുറത്തു വർക്കി കുടിയൻവർക്കിയായി രൂപം മാറി ! അയാൾ തകർന്നു. ആ തകർച്ച കണ്ടു മറ്റുള്ളവർ ചിരിച്ചു. ചില ശുദ്ധാത്മാക്കൾ പറഞ്ഞു: 'എല്ലാം വിധിയാണ്. വിധിയെ പഴിച്ചിട്ട് എന്തു കാര്യം? അവനവൻെറ പ്രവൃത്തിക്കനുസരിച്ച് ഫലം കിട്ടുന്നു. നന്മ വിതച്ചാൽ നന്മ കൊയ്യാം. തിന്മ വിതച്ചാൽ തിന്മയും ! ആരു നിർബന്ധിച്ചാലും തെറ്റിനു വഴങ്ങരുത്. അതാണു ധീരത. ആ ധീരത നഷ്ടപ്പെട്ടാൽ ജീവിതം നഷ്ടപ്പെട്ടു. വർക്കിക്കു സംഭവിച്ചത് അതാണ്. അയാൾ ഇന്നു മദ്യത്തിന് അടിമയാണ്. അയാളുടെ പ്രിയപ്പെട്ട കുന്നുംപുറം ഇന്നയാളെ വെറുക്കുന്നു !

വർക്കിയുടെ കച്ചവടം പൊളിഞ്ഞു. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടേണ്ടേ ? അങ്ങാടിയിലെ പലചരക്കുകട കൂട്ടുകാർ പങ്കിട്ടെടുത്തു. അവർ കൂട്ടുകൂടിയത് അതിനാണ്. ഒരുമിച്ചു കുടിക്കുന്നവർ മിത്രങ്ങളല്ല. ശത്രുക്കളാണ്.

മദ്യം സ്നേഹത്തിൻെറ പ്രതീകം അല്ല. നാശത്തിൻെറ അടയാളമാണ്. മദ്യത്തിൻെറ മണം മരണത്തിൻെറ മണമാണ് ! അങ്ങാടിയിൽ വീണ്ടും കൂട്ടുകാർ ഒത്തുകൂടി. പൊട്ടിച്ചിരികൾ ഉയർന്നു. വർക്കി ഒറ്റപ്പെട്ടു. കുന്നും പുറത്തു വർക്കി ഇന്നു പണക്കാരനല്ല ! അയാളെ ഇന്ന് ആർക്കും വേണ്ട !

വർഷങ്ങൾ കടന്നുപോയി. വേദന നിറഞ്ഞ നാളുകൾ. വർക്കി ഇന്നു കുന്നുംപുറത്തിൻെറ ശാപമാണ്. കിടപ്പാടം ഒഴികെ എല്ലാം വിറ്റുതുലച്ചു. കിടപ്പാടത്തിനുവേണ്ടി വിലപേശൽ നടക്കുന്നു ! നാലു കുട്ടികൾ. നിഷ്കളങ്കതയുടെ മുഖങ്ങൾ. അവശയായ അമ്മ. തളർന്ന ഭാര്യ. എല്ലാം ദുഃഖത്തിൻെറ പ്രതീകങ്ങൾ ! വീട് നരകം ! വർക്കിയുടെ ആരോഗ്യവും തകർന്നു. ഓർമക്കുറവ് അയാൾക്ക് ഒരനുഗ്രഹമായി തോന്നി. നടക്കുമ്പോൾ കൈകാലുകൾ വിറയ്ക്കുന്നു. ഒരു കാലത്ത് കുന്നുംപുറത്തോടു മല്ലിട്ട കൈകാലുകൾ ! എന്നിട്ടും അയാൾ ദിവസവും മദ്യപിക്കുന്നു. കുടിച്ചില്ലെങ്കിൽ ഭ്രാന്താണ്. കുടിച്ചാലും ഭ്രാന്ത്. എന്തൊരവസ്ഥ ! മനുഷ്യൻ പണം മുടക്കി ഭ്രാന്ത് നേടുന്നു ! രാത്രികളിൽ കുടിച്ചു ബോധം ഇല്ലാതെ വർക്കി എവിടെയെങ്കിലും വീഴും. ആരെങ്കിലും താങ്ങിയെടുത്തു വീട്ടിലാക്കും ! വീട്ടിലെത്തിയാൽ മുഴുഭ്രാന്താണ്. അയാൾക്കു രക്തം കുടിക്കണമത്രേ ! ചോരയുടെ നിറം കാണാൻ അയാൾ കൊതിച്ചു. ചോരയിൽ മദ്യത്തിൻെറ നിറം അയാൾ കണ്ടു ! കുട്ടികൾക്കു നേരെ, ഭാര്യയ്ക്കു നേരെ, അമ്മയ്ക്കു നേരെ അയാൾ കത്തി ഓങ്ങും ! സ്വന്തം കുട്ടികൾക്ക് അച്ഛൻ ഒരു പേടിസ്വപ്നമായി മാറുന്നു. കരയാൻ മാത്രം കരുത്തുള്ള ഭാര്യ എന്തു ചെയ്യും ?കണ്ണീരു പൊഴിക്കാൻ മാത്രം കഴിയുന്ന അമ്മ എന്തു ചെയ്യും ? വർക്കി തളർന്ന് ഉറങ്ങുംവരെ വീട്ടിൽ ബഹളമായിരിക്കും. ഒടുവിൽ ആരും അങ്ങോട്ടു തിരിഞ്ഞു നോക്കാതായി.

അങ്ങനെ കുന്നുംപുറത്തു വർക്കിയുടെ കഥ അയൽവക്കത്തെ വീടുകളിൽ, ഉറങ്ങാതെ കിടന്നവരുടെ, മനസ്സിൽ മിന്നിമറഞ്ഞു. ആ കഥ അവർക്ക് ഒരനുഭവപാഠമാണ്. മദ്യക്കുപ്പികൾ കാണുമ്പോൾ അവർ കുന്നും പുറത്തു വർക്കിയെ ഓർമിക്കുന്നു !

കുന്നുംപുറത്തു നിന്നുള്ള കൂട്ടക്കരച്ചിൽ നിലച്ചിട്ടില്ല. അതു കൂടുതൽ ഉച്ചത്തിൽ ഉയർന്നു കേട്ടു. വർക്കി ഇനിയും ഉറങ്ങിയിട്ടില്ലെന്നോ ?

അടുത്ത വീട്ടിൽ ഉറങ്ങാതെ കിടന്ന ഔസേപ്പിന് ഒരു സംശയം. അതോ മറ്റെന്തെങ്കിലും സംഭവിച്ചോ ? അയാൾ ഭാര്യയെ വിളിച്ചു. അവൾ ഞെട്ടിയുണർന്നു. ഔസേപ്പ് ഭാര്യയുടെ ചെവിയിൽ കാര്യം പറഞ്ഞു."നിങ്ങൾ ഒന്നു പോയി നോക്ക്". അവൾ അഭിപ്രായപ്പെട്ടു.




ഔസേപ്പ് കുന്നുംപുറത്തേക്കു നടന്നു. മരം കോച്ചുന്ന തണുപ്പ്. കട്ടിയുള്ള പുതപ്പ് അയാൾ ശരീരത്തോടു ചേർത്തു കെട്ടി. ചുണ്ടിൽ ഒരു ബീഡി എരിച്ചു. അയാൾ വർക്കിയെ ശപിക്കുന്നുണ്ടായിരുന്നു : 'മനുഷ്യനെ കിടന്നുറങ്ങാനും സമ്മതിക്കില്ല ! ദ്രോഹി ! ചെന്നു നാലു തെറി പറയണം ! 'നടക്കുന്നതിനിടയിൽ ഔസേപ്പ് പിറുപിറുത്തു ! വർക്കിയുടെ മുറ്റത്തുനിന്നാണല്ലോ കൂട്ടക്കരച്ചിൽ. അതെന്താണ് ? ഔസേപ്പ് അല്പം ധൃതിയിൽ നടന്നു. കുന്നുംപുറത്തു വർക്കി മുറ്റത്തു മലർന്നടിച്ചു കിടക്കുന്നു ! ഭാര്യയും മക്കളും വർക്കിയെ കെട്ടിപ്പിടിച്ച് വാവിട്ടു കരയുന്നു. അമ്മ, വർക്കിയുടെ തലയ്ക്കൽ ചുരുണ്ടുകൂടികിടന്ന് കരയുന്നു. ഔസേപ്പിന് കലി കയറി. അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'ഒന്ന് എഴുന്നേല്ക്കെടാ വർക്കീ'.

ഔസേപ്പിൻെറ സ്വരം കേട്ടപ്പോൾ കരച്ചിലിൻെറ ശബ്ദം ഉയർന്നു. അയാൾ അലറി: 'നിറുത്ത്!'പക്ഷേ, ആ കൂട്ടക്കരച്ചിൽ നിന്നില്ല. അതിൽ കൂടുതൽ ദയനീയത കലർന്നു. വർക്കിയുടെ കൈപിടിച്ച് എഴുന്നേല്പിക്കാൻ ശ്രമിച്ചു. ഔസേപ്പ് ഒന്നു ഞെട്ടി. കൈകൾക്കു വല്ലാത്ത തണുപ്പ് ! മഞ്ഞുകൊണ്ടു മരവിച്ചതാണോ ? അതോ . . . ? അയാൾ വർക്കിയുടെ മൂക്കിനുതാഴെ വിരലുകൾ ചേർത്തു. ഔസേപ്പിൻെറ കൈവിരലുകൾ വിറച്ചു. ഹൃദയം ശക്തിയായി മിടിച്ചു. തുറിച്ചു നിശ്ചലമായി നിൽക്കുന്ന വർക്കിയുടെ കണ്ണുകൾ അയാൾ കണ്ടു. ഔസേപ്പ് ഒരു നിമിഷം തരിച്ചു നിന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞു.

കുന്നുംപുറത്തുവർക്കി മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു ....

അയാളുടെ അരയിൽ തിരുകിയിരുന്ന കുപ്പിയിൽനിന്നും അപ്പോഴും മദ്യം ഒഴുകുന്നുണ്ടായിരുന്നു. അതോടൊപ്പം മരണത്തിൻെറ മണവും!



11494



കേരള സാക്ഷരതാ സമിതി

# ഒരു പാവക്കുട്ടിയുടെ ചിത്രം

ആർ. പ്രഭാകരൻ



11494
12507

കേരള സാക്ഷരതാ സമിതി

Indic Digital Archive Foundation
gpura.org